# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 245 — 15.12.2015 ൽ - മറുപടിക്ക്

## പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വിൽക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>,, കെ. രാധാകൃഷ്ണൻ<br>,, പുരുഷൻ കടലുണ്ടി<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ വാങ്ങാത്ത കാർഡ് ഉടമകളുടെ പേരിൽ വിതരണം ചെയ്തതായി കാണിച്ച് പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വിൽക്കപ്പെടുന്നതും കരിഞ്ചന്തയിൽ എത്തുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) നാളിതുവരെ റേഷൻ വാങ്ങാത്ത കാർഡുടമകൾ വരെ കൃത്യമായി റേഷൻ വാങ്ങുന്നുവെന്ന രീതിയിൽ നടക്കുന്ന വെട്ടിപ്പിന് ഉദ്യോഗസ്ഥ ബന്ധമുള്ളതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) സബ്സിഡി ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നവരും അതിനു സഹായം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും സംരക്ഷിക്കപ്പെടുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ ഇല്ലാതാക്കാമോ; | (സി) ഇല്ലാതാക്കും. ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാറില്ല. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഉയർന്ന സബ്സിഡി നിരക്കിലുള്ള റേഷൻ സാധനങ്ങളിൽ തട്ടിപ്പ് നടത്തുന്നതിനെ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ക്രമക്കേട് കണ്ടെത്തുന്ന മൊത്ത/ചില്ലറ റേഷൻ വ്യാപാരികൾക്കെതിരെയും അതിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതായിരിക്കും. റേഷൻ വിതരണ രംഗം സമഗ്രമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ ഈ ക്രമക്കേടുകൾക്കറുതി വരുത്താൻ കഴിയുന്നതാണ്. |

| | |
|---|---|
| (ഡി) ഭക്ഷ്യധാന്യ വിതരണ വിവരങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുവാനുള്ള സംവിധാനം സജ്ജമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ? | (ഡി) ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യം ഇട്ടിട്ടുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. പദ്ധതിക്ക് ആവശ്യമായ വിവിധ സോഫ്റ്റ്വെയറുകൾ തയ്യാറാക്കിയും ആയതിന്റെ സെക്യൂരിറ്റി ആഡിറ്റ്, ഇന്റഗ്രേഷൻ, ആവശ്യമായ സെർവറുകളുടെ സ്ഥാപനം, റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള **E-PoS** മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻ കടകളിൽ എത്തിക്കൽ തുടങ്ങിയ നടപടികളാണ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒരു പൈലറ്റ് പ്രോജക്ട് ആയി നടത്തി വരുന്നത്. ഈ പ്രക്രിയകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

Thulasi

*സെക്ഷൻ ഓഫീസർ*